"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - പൊതുമരാമത്ത് വകുപ്പിൽ നിന്നും പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന ക്ലാർക്ക്, ശ്രീ. ഹരികൃഷ്ണനെ, സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഡിറ്റർ തസ്തികയിൽ നിയമനം ലഭിച്ചതിനാൽ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1248/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/07/2021

പരാമർശം:- 1) സ.ഉ.(സാധാ) നം.1542/2020/തസ്വഭവ, തീയതി 19.08.2020.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 10.06.2021 -ലെ ഡി കെ എസ് എ 6/എസ്റ്റാ.1/2021 നമ്പർ നടപടിക്രമം.

3) ഗ്രാമവികസന കമ്മീഷണറുടെ 18.06.2021 -ലെ എസ്റ്റാ.സി 4/ 6759/ 2021 / സിആർ ഡി നമ്പർ കത്തും ഉള്ളടക്കവും.

ഉത്തരവ്

പരാമർശം (1) പ്രകാരം പൊതുമരാമത്ത് വകുപ്പിലെ ക്ലാർക്ക് ശ്രീ ഹരികൃഷ്ണനെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. പരാമർശം (2) പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഡിറ്റർ തസ്തികയിൽ നിയമനം ലഭിച്ചതിനാൽ ടി യാനെ പുനർവിന്യാസത്തിൽ നിന്നും ഒഴിവാക്കി മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കണമെന്ന് പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്. ടി യാനെതിരെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിൽ അച്ചടക്ക നടപടികളോ വിജിലൻസ് അന്വേഷണങ്ങളോ നിലവിലില്ല എന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന പൊതുമരാമത്ത് വകുപ്പിലെ ക്ലാർക്ക് ശ്രീ ഹരികൃഷ്ണനെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടു ഉത്തരവാകുന്നു. ടി യാനെ മാതൃവകുപ്പിലേക്ക് തിരികെ പ്രവേശിപ്പിച്ചതിനു പകരം ഒരു ജീവനക്കാരനെ പുനർവിന്യസിക്കുന്നതിനു വേണ്ട നടപടികൾ വകുപ്പ് മേധാവി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത.കെ.എസ്.**

**ജോയിന്റ് സെക്രട്ടറി**

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്.

ശ്രീ ഹരികൃഷ്ണൻ, ക്ലാർക്ക് , പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്.(വകുപ്പ് മേധാവി മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ